THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-11/4437 12.01.2026

**ടെണ്ടർ നോട്ടീസ്**

**റബ്ബർ റീപ്ലാന്റിംഗ്- ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ മുഖേന**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ തണ്ണിത്തോട് എസ്റ്റേറ്റിൽ 2026 വർഷം റബ്ബർ റീപ്ലാന്റിംഗ് ചെയ്യേണ്ടുന്ന താഴെപറയുന്നതായ ഏരിയയിൽ, റീപ്ലാന്റിങ് മുന്നൊരുക്ക പ്രവൃത്തികൾ/ പ്ലാന്റിംഗ്/ ഇടവിളകൃഷി/റബ്ബർതൈ സംരക്ഷണ പ്രവൃത്തികൾക്കുള്ള (I, II, III ) ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.**

I. **പ്രവൃത്തി-I:** 2026 വർഷം റബ്ബർ റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന താഴെക്കാണിച്ചിരിക്കുന്ന ബ്ലോക്കുകളിൽ കാട് വെട്ടി, വൃത്തിയാക്കി റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടെറസും കുഴിയുമെടുത്ത് തരുന്നതിന്,

II. **പ്രവൃത്തി-II:** 2026 വർഷം റബ്ബർ റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന താഴെക്കാണിച്ചിരിക്കുന്ന ബ്ലോക്കുകളിൽ കാട് വെട്ടി, വൃത്തിയാക്കി റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടെറസും കുഴിയുമെടുത്ത്, കോർപ്പറേഷൻ നൽകുന്ന റബ്ബർ തൈകൾ റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നട്ടുതരുന്നതിന് ,

III. **പ്രവൃത്തി-III:** 2026 വർഷം റബ്ബർ റീപ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന താഴെക്കാണിച്ചിരിക്കുന്ന ബ്ലോക്കുകളിൽ മുന്നൊരുക്ക പ്രവർത്തികൾ നടത്തി, കോർപ്പറേഷൻ നൽകുന്ന തൈകൾ റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നട്ടുതരുന്നതിനും, 42 മാസം സ്വന്തം ചിലവിൽ പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്ത് അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, നട്ട റബ്ബർ തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി റബ്ബർ തൈകൾ സംരക്ഷിച്ചുതരുന്നതിന്

| ക്രമ . നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ബ്ലോക്ക് നം. | കുഴിയും, ടെറസ്സും ഉൾപ്പെടെ എണ്ണം/ ആകെ നടേണ്ട തൈകളുടെ എണ്ണം (ഉദ്ദേശം) | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (ഉദ്ദേശം) |
|---|---|---|---|---|---|
| 1. | Thannithode, Pathanamthitta | A | | 1000 | 2.00 |
| 2. | | B | I | 2587 | 5.174 |
| 3. | | B | II | 1345 | 2.689 |
| 4. | | B | III | 1126 | 2.252 |

**പ്രവർത്തി I-ന് ബാധകമായ നിബന്ധനകൾ**

1. കാട് അടിച്ചേർത്ത് വെട്ടി, ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വാരിക്കൂട്ടി, ഏരിയ വൃത്തിയാക്കി റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടെറസും കുഴിയുമെടുത്ത് തരുന്നതിന്, ഒരു ഹെക്ടർ ഏരിയക്ക് കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് (ഓരോ ബ്ലോക്കുകൾക്കും പ്രത്യേകം) ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ഇ-

ടെണ്ടറിലും സീൽഡ് ടെണ്ടറിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.

2. 20 ഇഞ്ചിൽ താഴെ ചുറ്റളവുള്ള മരങ്ങളും, മറ്റ് കുറ്റിക്കാടുകളും അടിച്ചേർത്തു മുറിച്ചുമാറ്റേണ്ടതാണ്.
3. വർക്ക് ഓർഡർ കിട്ടി 3 ദിവസത്തിനുള്ളിൽ കരാർ ജോലികൾ തുടങ്ങേണ്ടതും 30 ദിവസത്തിനകം ജോലികൾ തൃപ്തികരമായി പൂർത്തിയാക്കേണ്ടതുമാണ്.
4. കുഴികളുടെ ഉദ്ദേശം എണ്ണമാണ് നോട്ടീസിൽ കാണിച്ചിരിക്കുന്നത്. ആയതു കൂടാനോ കുറയാനോ സാധ്യതയുണ്ട്.
5. ടെറസ് കുറഞ്ഞത് 5 അടി വീതിയിലും, കുഴികൾ രണ്ടര അടി നീളത്തിലും, രണ്ടര അടി വീതിയിലും, രണ്ടര അടി താഴ്ചയിലും എടുക്കേണ്ടതാണ്. ടെറസിന്റെ മുൻവശം മണ്ണുവെട്ടിമാറ്റി പുറകുവശത്തേക്കാൾ ഒരടി താഴ്ചയിൽ സ്ലോപ്പുണ്ടാക്കിയാണ് നിർമ്മിക്കേണ്ടത്.
6. കോണ്ടൂർ അലൈൻമെന്റ് നടത്തി, കുഴികൾ എടുക്കേണ്ട സ്ഥാനങ്ങളിൽ കോർപ്പറേഷൻ അടിച്ചിരിക്കുന്ന കുറ്റികൾ ടെറസിന്റെ കൃത്യം നടുഭാഗത്ത് വരത്തക്കവിധമാണ് ടെറസ് വെട്ടേണ്ടത്. നിബന്ധനകൾപ്രകാരം ഗുണനിലവാരം ഇല്ലാത്ത ടെറസുകളും, കുഴികളും പേയ്മെന്റിനായി പരിഗണിക്കുന്നതല്ല.
7. ഇ-ടെണ്ടറിലും സീൽഡ് ടെണ്ടറിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
8. കാട് അടിച്ചേർത്ത് വെട്ടി, ടെറസും കുഴിയും എടുക്കുന്ന ഏരിയയിൽ ഉണ്ടായേക്കാവുന്ന കല്ല്, വേരുകൾ, കുറ്റികൾ മുതലായവ ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് ക്രേതാവ് തന്നെ നീക്കം ചെയ്തു തരേണ്ടതാണ്.
9. ഹിറ്റാച്ചി/ജെ സി ബി ഉപയോഗിച്ച് ടെറസും കുഴിയും എടുക്കാൻ ബുദ്ധിമുട്ടുള്ള ഏരിയകളിലും, ക്രേതാവ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രസ്തുത പ്രവർത്തികൾ നിർവഹിക്കേണ്ടതാണ്.

## <u>പ്രവർത്തി II -ന് ബാധകമായ നിബന്ധനകൾ</u>

10. പ്രവർത്തി-I-പ്രകാരമുള്ള എല്ലാ നിബന്ധനകളനുസരിച്ച് കാട് അടിച്ചേർത്ത് വെട്ടി, ഡിവിഷൻ അധികാരി നിർദ്ദേശിക്കുന്ന ഇടങ്ങളിൽ വാരിക്കൂട്ടി, ഏരിയ വൃത്തിയാക്കി റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടെറസും കുഴിയുമെടുത്ത് തരേണ്ടതാണ്.
11. ഡിവിഷൻ ഓഫീസിനടുത്തു കോർപ്പറേഷൻ എത്തിച്ചു തരുന്ന കൂട/കപ്പ് തൈകൾ സ്വന്തം ചിലവിൽ എടുത്തുകൊണ്ടുപോയി ഓരോ കുഴിയിലും നട്ടുതരേണ്ടതാണ് .
12. കോർപ്പറേഷൻ നൽകുന്ന നിശ്ചിത അളവിലുള്ള GI Mesh/welded mesh ഡിവിഷൻ ഓഫീസിൽ നിന്നും എടുത്തുകൊണ്ടു പോയി ഡിവിഷൻ അധികാരിയുടെ നിർദ്ദേശാനുസരണം നട്ട തൈകൾക്ക് ചുറ്റും അര അടി ആഴത്തിൽ കരാറുകാരൻ സ്വന്തം ചിലവിൽ ഉറപ്പിച്ചു തരേണ്ടതാണ്.
13. തൈകൾ നടുമ്പോൾ കപ്പ്/പ്ലാസ്റ്റിക് കവർ നീക്കം ചെയ്യേണ്ടതും, ആയത് ഡിവിഷനിലെ ജീവനക്കാരെ എണ്ണി ഏല്പിക്കേണ്ടതുമാണ്. കൂടയിലെ പ്ലാസ്റ്റിക് കവർ /കപ്പ് നീക്കം ചെയ്യുമ്പോൾ കൂടയിലെ മണ്ണിനു ഇളക്കം തട്ടാൻ പാടില്ല.
14. തൈകൾ നടാൻ വേണ്ടി മാർക്ക് ചെയ്തിരിക്കുന്ന സ്ഥലത്തെ മൂടിയിട്ടിരിക്കുന്ന കുഴികൾ തുറന്ന് കോർപ്പറേഷൻ നൽകുന്ന അടിവളം കുഴിയിൽ ഇട്ടതിനുശേഷം തൈകൾക്ക് കേടുപാടുകൾ സംഭവിക്കാതെ നട്ടുതരേണ്ടതാണ്. തൈകൾ നട്ടതിനുശേഷം തൈകൾക്ക് ചുറ്റും മണ്ണിട്ടുറപ്പിച്ച് ടെറസ് വൃത്തിയാക്കിത്തരേണ്ടതുമാണ്. തൈകൾ നടുമ്പോൾ കുഴിയിലെ കല്ല്, വേര് മുതലായവ നീക്കം ചെയ്യേണ്ടതാണ്.
15. തൈകൾ നടുമ്പോൾ ബഡ്ഡ് കണ്ണ് വടക്ക് കിഴക്ക ദിശയിൽ വരത്തക്ക വിധത്തിലും, ബഡ്ഡ് കണ്ണ് തറനിരപ്പിനു തൊട്ടു മുകളിൽ വരുന്ന വിധത്തിലും നടേണ്ടതാണ്.
16. ഇപ്രകാരം കാട് വെട്ടി, വൃത്തിയാക്കി റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ടെറസും കുഴിയുമെടുത്ത്, കോർപ്പറേഷൻ നൽകുന്ന റബ്ബർ തൈകൾ (കപ്പ് തൈകൾ/ കൂട തൈകൾ) റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നട്ടുതരുന്നതിന് ഒരു ഹെക്ടർ ഏരിയക്ക് കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് (ഓരോ ബ്ലോക്കുകൾക്കും

പ്രത്യേകം) ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ഇ-ടെണ്ടറിലും സീൽഡ് ടെണ്ടറിലും കൂടി ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.

17. ഇത്തരത്തിൽ ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 500 എണ്ണം എന്ന കണക്കിൽ റബ്ബർ തൈകൾ നടേണ്ടതാണ്.
18. നടുവാനുള്ള റബർ തൈകൾ കോർപ്പറേഷൻ നൽകുന്നതായിരിക്കും. 2026 ജൂലൈ 31 ന മുന്പായി കരാറുകാരൻ തൈകൾ മുഴുവനായും നട്ടു തീർക്കേണ്ടതാണ്.

## പ്രവർത്തി III -ന് ബാധകമായ നിബന്ധനകൾ

19. പ്രവർത്തി III–ന് പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദിഷ്ട റീപ്ലാന്റിംഗ് ബ്ലോക്കുകളിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള ഇടവിളകളിൽ നിന്നുള്ള ആദായം വിൽപന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം ഹെക്ടർ ഒന്നിന് അംശാദായമായി (ടി-ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലത്തിനായി) ക്രേതാവ് കോർപറേഷന് നൽകാൻ തയാറുള്ള മൂന്ന് വർഷത്തെ മൊത്തമായ തുകയാണ് (ടാക്സ് ഒഴികെ) ഇ-ദർഘാസ് / ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കൂടിയ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
20. കരാർ കാലാവധി, എഗ്രിമെന്റ് വച്ചതിനുശേഷം കോർപ്പറേഷൻ ഏരിയ കരാറുകാരനെ ഏൽപ്പിക്കുന്ന ദിവസം മുതൽ 42 മാസം (കലണ്ടർ മാസം) ആയിരിക്കും. അതിൽ അവസാന 6 മാസം ഇടവിളയായികൃഷി ചെയ്ത വിളകളുടെ അവശിഷ്ടങ്ങൾ റബ്ബർ തൈകൾക്ക് തടസ്സമില്ലാത്ത വിധത്തിൽ നീക്കം ചെയ്യാനുള്ള കാലയളവാണ്.
21. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ തൈകൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ച നടേണ്ടതാണ്.
22. ഓരോ റബ്ബർ തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്കു ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രമേ ഇടവിള കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.

## പ്രവർത്തി I, II- എന്നിവക്ക് ബാധകമായ പൊതു നിബന്ധനകൾ

23. 30%, 60%, 90% ജോലി പൂർത്തീകരിക്കുന്ന മുറക്ക്, ചെയ്തുതീർത്ത ജോലിയുടെ 70% തുക പാർട്ട് പേയ്മെന്റായി നൽകുന്നതാണ്.
24. കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി മാനേജരിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ നൽകുന്നതാണ്.
25. മേൽ പ്രവർത്തികൾ ചെയ്യുന്നതിന് ആവശ്യമായ മെഷീനുകൾ സ്വന്തം ചെലവിലും, ഉത്തരവാദിത്വത്തിലും കൊണ്ടുവരേണ്ടതും അവ ഉപയോഗിച്ച് നിർദ്ദിഷ്ട ജോലി യഥാസമയം പൂർത്തീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം ടെണ്ടർ തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴ ഈടാക്കി ടി-പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് പരമാവധി 10 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ജോലി തീർക്കാതിരിക്കുകയോ, കരാർ ജോലി പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ, ജോലി തൃപ്തികരമായി പുരോഗമിക്കാതിരിക്കുകയോ ചെയ്യാത്ത പക്ഷം കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുന:ക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. തന്മൂലം കോർപ്പറേഷന് ഉണ്ടാകാവുന്ന ചെലവുകളും, നഷ്ടവും ക്രേതാവിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ

ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.

**പ്രവർത്തി I, II, III എന്നിവക്ക് ബാധകമായ പൊതുനിബന്ധനകൾ**

26. ഇ-ടെണ്ടറും സീൽഡ് ടെണ്ടറും 21.01.2026, 05.00 PM വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ തണ്ണിത്തോട് എസ്റ്റേറ്റിൽ 21.01.2026, 05.00 PM വരെ സ്വീകരിക്കുന്നതും 23.01.2026, 12.00 PM-ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 23.01.2026, 12.00 PM –ന് ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ് / മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും ഏറ്റവും കുറഞ്ഞ തുക പ്രവർത്തി I /II –നും, ഏറ്റവും കൂടിയ തുക പ്രവർത്തി III-നും ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏറ്റവും കുറഞ്ഞ തുക പ്രവർത്തി I /II –നും, ഏറ്റവും കൂടിയ തുക പ്രവർത്തി III-നും മാത്രമായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

**27. മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| **മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും** | **ഇ -ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം** | **മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** | **ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും** | **ഇ-ഓക്ഷൻ തുടങ്ങുന്ന സമയം** |
|---|---|---|---|---|
| തണ്ണിത്തോട് എസ്റ്റേറ്റ് ഓഫീസ് 21.01.2026, 5.00 PM. | 21.01.2026, 5.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 23.01.2026, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 23.01.2026, 10.00 AM. | 23.01.2026, 2.00 PM. to 4.00 PM. |

28. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി-ടെൻഡർ നടത്തുന്നതായിരിക്കും.
29. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം

ചെയ്യുന്ന തുകകളിൽ, ഏറ്റവും കുറഞ്ഞ തുക പ്രവർത്തി I /II –നം, ഏറ്റവും കൂടിയ തുക പ്രവർത്തി III-നം മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

30. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | യൂണിറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369 0481-2578301-04 |
| ശ്രീ.ജോൺ തോമസ്സ് | മാനേജർ | തണ്ണിത്തോട് | 8943240112, 0468 2382227 |

31. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.

32. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.

33. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.
പി.സി.കെ.-Ph. 7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.

34. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി-16.12.2025) 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ **"റബ്ബർ റീപ്ലാന്റിംഗ് – ദർഘാസ് രേഖകൾ"** എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.

35. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട സമയം അവസാനിക്കുന്നതിന് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി.ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ

ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ **തണ്ണിത്തോട് എസ്റ്റേറ്റിൽ** ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥകളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ **" റബ്ബർ റീപ്ലാന്റിംഗ് – ദർഘാസ് രേഖകൾ"** എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ട സമയം അവസാനിക്കുന്നതിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 23.01.2026, 12.00 PM ന് തുറക്കുന്നതായിരിക്കും.

36. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
37. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
38. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
39. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
40. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
41. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
42. ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ, അടക്കേണ്ട തുകയും, അടക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിനു പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചു തീർക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ പുനഃക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.
43. I/II-പ്രകാരമുള്ള പ്രവർത്തികൾക്കായി ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ്, ടെൻഡറിൽ രേഖപ്പെടുത്തിയ (ഒരു ഹെക്ടർ ഏരിയക്കുള്ള) തുക, അകെ ഹെക്ടറുമായി ഗുണിച്ചുകിട്ടുന്ന തുകയുടെ 5 % തുകയോ, 50,000 രൂപയോ, ഇവയിൽ ഏതാണോ കുറവ്, ആയത് കരുതൽധനമായി കോർപ്പറേഷനിൽ കെട്ടിവെക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്.

    III -പ്രകാരമുള്ള പ്രവർത്തികൾക്കായി ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് താഴെപറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടി വയ്ക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതുമാണ്.

    a.30 ഹെക്ടർ വരെയുള്ള ഏരിയയ്ക്ക് അടങ്കൽതുക 1,00,000 രൂപ

    b.30 ഹെക്ടറിൽ കൂടുതലുള്ള ഏരിയയ്ക്ക്, ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ (കുറഞ്ഞത് 1,00,000 രൂപ; പരമാവധി 3,00,000 രൂപ)

44. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
45. റബ്ബർ ബോർഡ് നിഷ്കർഷിക്കുന്ന നിശ്ചിത അകലത്തിലും, മറ്റ് അഗ്രോ-മാനേജ്മന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിന്റെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ് . (പ്രവർത്തി III - ന് മാത്രം ബാധകം).
46. കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ റബ്ബർ ബോർഡിൻറെ / കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, കോർപറേഷൻ ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങേണ്ടതുമാണ്. (പ്രവർത്തി III - ന് മാത്രം ബാധകം).
47. കരാർ പ്രകാരം ചെയ്യേണ്ട എല്ലാ കാർഷിക പ്രവർത്തികളും, കൃത്യസമയത്ത് ചെയ്ത് മാനേജരെ ബോധ്യപ്പെടുത്തേണ്ടുന്ന ചുമതല ക്രേതാവിൽ നിക്ഷിപ്തമാണ്. (പ്രവർത്തി III - ന് മാത്രം ബാധകം).
48. നടുവാനുള്ള റബ്ബർ തൈകൾ, അതാത് തോട്ടങ്ങളിൽ, കോർപ്പറേഷൻ 2026 മെയ്-ജൂൺ മാസങ്ങളിൽ എത്തിച്ചു നൽകുന്നതായിരിക്കും. ആയത് ക്രേതാവ് എണ്ണി എടുത്ത് ഏരിയയിൽ എത്തിച്ച്, 2026 ജൂലൈ 31-ന് മുൻപായി തൈകൾ മുഴുവനും നട്ടു തീർക്കേണ്ടതാണ്.
49. ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 500 എണ്ണം എന്ന കണക്കിൽ റബ്ബർ തൈകൾ നടേണ്ടതാണ്. 500 തൈകൾക്ക് ഒരു ഹെക്ടർ എന്ന് ഏരിയ കണക്കാക്കി ആയിരിക്കും പ്രവർത്തി II-ന് കരാർപ്രകാരമുള്ള തുക കോർപ്പറേഷൻ ക്രേതാവിന് നൽകുന്നത്.
50. പ്രവർത്തി III-നും ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 500 എണ്ണം എന്ന കണക്കിൽ റബ്ബർ തൈകൾ നടേണ്ടതാണ്. റബ്ബറിന് ഇടവിളയായി പൈനാപ്പിൾകൃഷി ചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (സർവ്വേ പ്രകാരം) കരാർ പ്രകാരമുള്ള തുക ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ടത്.
51. കരാർ പ്രകാരം കോർപ്പറേഷൻ ക്രേതാവിന് നൽകാനുള്ള തുകയുടെ ഷെഡ്യൂളും (പ്രവർത്തി I, II) ക്രേതാവ് കോർപ്പറേഷന് നൽകാനുള്ള തുകയുടെ ഷെഡ്യൂളും (പ്രവർത്തി III ) കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.
52. കരാർ പ്രകാരമുള്ള ജോലികൾ അവസാനിക്കുമ്പോൾ, മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ അവസാന ഘട്ട തുക ക്രേതാവിന് നൽകുകയുള്ളൂ. (പ്രവർത്തി I, II - ന് മാത്രം ബാധകം).
53. കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31-ാം തിയതിക്ക് മുമ്പായി റബ്ബർ തൈകൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുന്നതായിരിക്കും. ആദ്യവർഷവും, രണ്ടാം വർഷവും റബ്ബർ തൈകൾ നഷ്ടപ്പെട്ടാൽ അത്രയും എണ്ണം റബ്ബർ തൈകൾ കരാറുകാരൻ, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണ്ണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 2500/- രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത് പിരിയുന്നതിന് മുൻപായി 15 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 5000/- രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും. (പ്രവർത്തി III - ന് മാത്രം ബാധകം).
54. വന്യമൃഗങ്ങളിൽ നിന്നും റീ-പ്ലാന്റിങ് ഏരിയ സംരക്ഷിക്കുന്നതിനായി ഫലപ്രദമായ സൌരോർജ്ജ വേലി റീ-പ്ലാന്റിങ് ഏരിയയ്ക്ക് ചുറ്റും ക്രേതാവ് സ്വന്തം ചെലവിൽ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വവും, സൗരോർജ്ജവേലിയുടെ പരിപാലനവും തോട്ടം പരിപാലനം ഏറ്റെടുക്കുന്ന ക്രേതാവിൽ നിക്ഷിപ്തമായിരിക്കും. കരാർ കാലാവധി കഴിയുമ്പോൾ ഓരോ ബ്ലോക്കിലും നിർമ്മിച്ചിരിക്കുന്ന സൌരോർജ്ജവേലിയുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും. . (പ്രവർത്തി III - ന് മാത്രം ബാധകം).

55. ക്രേതാവ് സ്വന്തം ചിലവിൽ സൌരോർജ്ജവേലി യഥാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതും, കരാർ കാലാവധി അവസാനിക്കുമ്പോൾ പ്രവർത്തനക്ഷമമായ അവസ്ഥയിൽ കോർപ്പറേഷനെ ഏൽപ്പിക്കേണ്ടതുമാണ്. . (പ്രവർത്തി III - ന് മാത്രം ബാധകം).
56. ക്രേതാവിൽ നിന്നോ ജോലിക്കാരിൽ നിന്നോ കോർപ്പറേഷനോ കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർപ്പറേഷൻ നിശ്ചയിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ക്രേതാവ് ഉടൻ തന്നെ അടയ്ക്കേണ്ടതാണ്.
57. കരാർ കാലയളവിൽ, ക്രേതാവോ ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.
58. ടെണ്ടർ പ്രകാരം 3 വ്യത്യസ്ത പ്രവർത്തികൾ ക്ഷണിക്കുന്നത് ഒരേ ഏരിയക്ക് വേണ്ടി ആയതിനാൽ, ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ച് ഏത് പ്രവർത്തി ഉറപ്പിക്കണമെന്നുള്ള തീരുമാനം എടുക്കാനുള്ള അവകാശം മാനേജിങ് ഡയറക്ടർ, പി.സി.കെ-യിൽ നിക്ഷിപ്തമായിരിക്കും.
59. സർക്കാരിന്റെയോ, കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.
60. പ്രകൃതിക്ഷോഭം, സാംക്രമികരോഗങ്ങൾ, തീപിടുത്തം, വന്യമൃഗ ആക്രമണം, തൊഴിലാളി സമരം മുതലായവ മൂലം ക്രേതാവിനോ, ടി-യാന്റെ തൊഴിലാളികൾക്കോ യാതൊരു വിധ കഷ്ട നഷ്ടങ്ങൾക്കും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരം നൽകുന്നതോ അല്ല.

Sd/

**മാനേജിങ് ഡയറക്ടർ**

**പ്രഖ്യാപനം: ബന്ധപെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: